# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4387
## 25.10.2016 ലെ മറുപടിയ്ക്ക്

**പെൻഷൻകാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാരുടെ ആനുകൂല്യങ്ങളിൽ വന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ എത്ര തുകയുടെ അധികബാദ്ധ്യതയാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻ ആനുകൂല്യ ഇനത്തിൽ ആകെ 3781.42 കോടി രൂപ അധികബാധ്യതയായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാർ സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുമോ; | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ലഭിച്ച നിവേദനങ്ങളെല്ലാം സർക്കാർ രൂപീകരിച്ച ഉപസമിതി പരിശോധിക്കുകയും പരിഗണനാർഹമായവ 20.01.2016 ലെ സ.ഉ(പി)നം. 9/2016/ധന യിൽ ഉൾപ്പെടുത്തി പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഉണ്ട്. |
| (സി) | പെൻഷൻകാർക്കായി പ്രത്യേക ആരോഗ്യപരിപാലനപദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | പെൻഷൻകാർക്ക് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 15.04.2016 ലെ സ.ഉ(Ms)നം. 169/2016/ധന പ്രകാരം ധനകാര്യ (പെൻഷൻ സി) വകുപ്പ് രൂപീകരിക്കുകയും അതിൻമേൽ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ